കൊച്ചി ഇൻഫോപാർക്ക്:

TCS
Wipro Ltd.
ACS
UST Global
IBS Software
OPI Global
Arbitron
Charter BPO
NHR Outsourcing

(സി) കഴക്കൂട്ടം-കോവളം ബൈപ്പാസിനോടു ചേർന്നുള്ള ഐടി കോറിഡോർ സ്ഥാപിക്കുന്ന കാര്യത്തിൽ നല്ല പുരോഗതി തന്നെ കൈവരിച്ചിട്ടുണ്ട് ഇതിൽ ടെക്നോപാർക്ക് ഒന്നാംഘട്ടം, രണ്ടാംഘട്ടം, മൂന്നാംഘട്ടം, ടെക്നോസിറ്റി എന്നിവ ഉൾപ്പെടുന്നു. ഇതിൽ ടെക്നോപാർക്ക് മൂന്നാംഘട്ടം ടെക്നോപാർക്ക് ക്യാമ്പസിനോട് ചേർന്ന് 92 ഏക്കറിൽ സ്ഥിതിചെയ്യുന്നു. ഇതിൽ 27.5 ഏക്കറിന് പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭിച്ചിട്ടുണ്ട്. ഇവിടെ 110 കെ.വി. സബ്സ്റ്റേഷൻ പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കൂടാതെ 10 ലക്ഷം ചതുരശ്ര അടി കെട്ടിടത്തിന്റെയും അനുബന്ധ സൗകര്യങ്ങളായ റോഡ്, ജലവിതരണ ശൃംഖല എന്നിവയും പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ഡി) നിക്ഷേപം നടത്തിയ കമ്പനികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

മലബാർ മേഖലയിലെ ഐ.ടി. വികസനം

22(*172) ശ്രീ. ബി. ബാബു പ്രസാദ് :
ശ്രീ. കെ. ബാബു :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ മേഖലയിലെ ഐ.ടി. വികസനത്തിന്റെ ഭാഗമായി കോഴിക്കോട് ആരംഭിച്ച സൈബർ സൊസൈറ്റി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തി എന്നറിയിക്കുമോ :

(ബി) ഈ സൊസൈറ്റിയുടെ പ്രവർത്തനത്തിനായി എന്തൊക്കെ ഭൗതിക സഹായങ്ങൾ നൽകി കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവിടെ ഇനിയും അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കേണ്ടത് ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):

(എ-സി) സംസ്ഥാനത്തിന്റെ ഐ.ടി. വികസനം ലക്ഷ്യമിടുന്ന ഹബ്ബ് ആന്റ് സ്പോക്ക് മോഡലിൽ മലബാർ മേഖലയിലെ സമഗ്ര ഐ.ടി. വികസനത്തിന് വേണ്ടി കോഴിക്കോട് സൈബർ പാർക്ക് ഹബ്ബ് ആയും കണ്ണൂർ കാസർഗോഡ് എന്നിവിടങ്ങളിലെ സൈബർ പാർക്കുകൾ സ്പോക്കുകളായും വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കോഴിക്കോട് സൈബർ പാർക്ക് സ്ഥാപിക്കുന്നതിനായി 43 ഏക്കർ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായി വരുന്നു. പ്രസ്തുത പാർക്കിന് 2 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. ബിൽഡിംഗാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. കോമൺ ഫെസിലിറ്റി സെന്റർ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കണ്ണൂർ സൈബർപാർക്കിന് 50000 ചതുരശ്രയടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. മന്ദിരത്തിന്റെ രൂപകൽപ്പന പൂർത്തീകരിച്ചുവരുന്നു. കാസർഗോഡ് സൈബർപാർക്കിന് 50000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. മന്ദിരത്തിന്റെ മാസ്റ്റർപ്ലാൻ ബിൽഡിംഗ് പ്ലാൻ തുടങ്ങിയവയുടെ തയ്യാറാക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. ഇവയ്ക്കെല്ലാം അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലവിതരണം ഇവ ലഭ്യമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനായി സർക്കാരിൽ നിന്നും നാളിതുവരെ 20 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ 2010-11 വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ച 17.5 കോടി രൂപയിൽ നിന്നും 7.50 കോടി രൂപ കൂടി ഇനി നൽകുവാനുണ്ട്.

നോർക്കാ-റൂട്ട്സിന്റെ പ്രവർത്തനം

23(*173) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികളുടെ നിരവധി പ്രശ്നങ്ങൾക്ക് ശ്രുതഗതിയിലും കാര്യക്ഷമമായും പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിനും നോർക്കാ-റൂട്ട്സിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ :

(ബി) ഈ സ്ഥാപനത്തിന്റെ കാര്യക്ഷമത കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഘടനാപരമായ മാറ്റങ്ങൾ വരുത്തുന്നതിനും ഇനിയും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly